ഉത്തരം

(എ) ഉണ്ട്. സാധാരണ കിണർ, കുഴൽകിണർ എന്നിവ ഉപയോഗിച്ച് ഭൂജലം ചൂഷണം ചെയ്യുന്നുണ്ട്.

(ബി) കുടിവെള്ളത്തിനും കൃഷി, വ്യവസായം എന്നിവയുടെ ആവശ്യത്തിനും ഇത്തരം ജലം ഉപയോഗിക്കുന്നു.

(സി) കേരളത്തിൽ ഭൂജലത്തിന്റെ സംരക്ഷണത്തിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള ഭൂജല ആക്ട് നടപ്പിലാക്കിയിട്ടുണ്ട്.

വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പഠനം

40 [2509] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കം ഉണ്ടാവുന്നതിന്റെ കാരണങ്ങൾ, തീവ്രത, ദൈർഘ്യം തുടങ്ങിയവ സംബന്ധിച്ച് ജലസേചന വകുപ്പും പീച്ചിയിലെ കെ. ഇ. ആർ. ഐ. കോഴിക്കോട് സി. ഡബ്ല്യു. ആർ. ഡി. എം. തിരുവനന്തപുരത്തെ ഭൗമശാസ്ത്ര പഠന കേന്ദ്രം, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കെ.എസ്.ആർ.സി. എന്നിവ നാളിതുവരെ നടത്തിയ പഠനങ്ങൾ ഏതൊക്കെയെന്നും ഓരോ പഠനത്തിനും വേണ്ടി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വെള്ളപ്പൊക്ക സാദ്ധ്യതാ പ്രദേശങ്ങൾ ഏതൊക്കെയെന്നും ഓരോ പ്രദേശത്തും ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകൾ, പ്രദേശത്തിന്റെ വിസ്തീർണ്ണം, ജനസംഖ്യ എന്നിവ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വെള്ളപ്പൊക്കം ഉണ്ടാവുന്നതിന്റെ കാരണങ്ങൾ, തീവ്രത, ദൈർഘ്യം എന്നിവ സംബന്ധിച്ച് ജലസേചന വകുപ്പ്, കെ. ഇ. ആർ. ഐ., ഭൗമശാസ്ത്രപഠന കേന്ദ്രം, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കെ.എസ്.ആർ.സി. തുടങ്ങിയ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടില്ല.

കോഴിക്കോട്ടുള്ള സി. ഡബ്ല്യു. ആർ. ഡി. എം. നടത്തിയ പഠനത്തിന്റെ വിവരങ്ങൾ ചുവടെ നൽകുന്നു.

1. ജലവിഭവ വികസന വിനിയോഗ കേന്ദ്രം കേരളത്തെ 13 വെള്ളപ്പൊക്ക മേഖലകളായി തിരിച്ച് (ഓരോ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം). വെള്ളപ്പൊക്കം ആവർത്തിക്കാനുള്ള സാദ്ധ്യതകൾ, ഗ്രാഫുകളുടെ സഹായത്തോടെ പഠിക്കുകയുണ്ടായി. കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ ശക്തി, തോത് മുതലായവ ഈ മേഖലകളെ വേർതിരിച്ചെടുക്കുന്നതിന് സഹായകരമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. തെക്കൻ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തെ സംബന്ധിച്ചും അതുമൂലം സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ചും ഒരു പഠനം നടത്തുകയുണ്ടായി. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണ് ഈ പഠനം നടത്തിയത്.

3. കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തെ സംബന്ധിച്ച് ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം, ഉപഗ്രഹങ്ങൾ ഇവയുടെ സഹായത്തോടെ ഒരു പഠനം ഇപ്പോൾ കോഴിക്കോട് ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ നടന്നുവരുന്നു. മൂന്നു വർഷകാലാവധിയുള്ള ഈ പഠനം തുടങ്ങിയിട്ട് ഒരു വർഷമായി. മറ്റ് പദ്ധതികളുടെ ഭാഗമായ ഈ പഠനങ്ങൾക്ക് മൊത്തം 5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വിവരങ്ങൾ ലഭ്യമല്ല.

റിവർ ആക്ഷൻ പ്ലാൻ പദ്ധതി

41 [2510] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിവർ ആക്ഷൻ പ്ലാൻ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമായി ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിൽപ്പെടുത്തി പമ്പാ നദിയെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2003-04 മുതൽ 2006-07 വർഷകാലയളവിനുള്ളിൽ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ 18.45 കോടി രൂപയുടെ 12 പ്രവർത്തികൾക്ക് കേന്ദ്രം ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 70:30 എന്ന അനുപാതത്തിൽ ചെലവ് വഹിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ് എന്നിവർ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) 2003-04-ൽ 75 ലക്ഷം രൂപ.

(സി) ജലസേചന വകുപ്പ് 2004-05-ൽ നാളിതുവരെ 33.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly